കൊല്ലം ജില്ലയിലെ പി. എസ്. സി. പരീക്ഷാ ചോദ്യപേപ്പർ ചോർച്ച

24 [34] *ശ്രീ. ബി. വിജയകുമാർ :*

„ *എം. എം. ഹസ്സൻ :*

„ *പ്രയാർ ഗോപാലകൃഷ്ണൻ :*

„ *എം. എ. ചന്ദ്രശേഖരൻ :*

„ *പി. ജെ. ജോയി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ആഗസ്റ്റ് 7-ാം തീയതി ശനിയാഴ്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ അസിസ്റ്റന്റായി നിയമിക്കപ്പെടുന്നതിനുള്ള എഴുത്തുപരീക്ഷ നടത്തിയിരുന്നോ ;

(ബി) പ്രസ്തുത പരീക്ഷയുടെ ചോദ്യപേപ്പർ കൊല്ലം ജില്ലയിൽ ചോർന്നതായി ആരോപണം ഉണ്ടായിട്ടുണ്ടോ;

(സി) ഈ ആരോപണത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുവരുന്നു.

എൽ. ഡി. ക്ളാർക്ക് പരീക്ഷയെപ്പറ്റി അന്വേഷണം

25 [35] *ശ്രീമതി ശോഭനാ ജോർജ് :*

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

„ *കെ. എ. ചന്ദ്രൻ :*

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ വിവിധ ജില്ലകളിലേക്ക് എൽ.ഡി.സി. നിയമനത്തിന് പി. എസ്. സി. പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നാണ്;

(ബി) ഇതിൽ ഏതെല്ലാം ജില്ലകളിലേക്ക് നടന്ന പരീക്ഷകളെപ്പറ്റിയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണത്തെപ്പറ്റിയും നിയമനത്തെപ്പറ്റിയും പരാതികൾ ഉണ്ടായിട്ടുണ്ട്;

(സി) ഈ പരാതികളുടെ സ്വഭാവം വ്യക്തമാക്കാമോ; പരാതികളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ഡി) ഏതെല്ലാം ജില്ലകളിൽ നടത്തിയ പരീക്ഷയിലും അനുബന്ധകാര്യങ്ങളിലുമുണ്ടായ പരാതികളെപ്പറ്റി അന്വേഷണം നടത്തുവാൻ ഗവൺമെന്റും പി. എസ്. സി. യും തമ്മിൽ ധാരണയായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതനുസരിച്ച് സ്വീകരിച്ചിട്ടുള്ള അനന്തര നടപടി വിശദമാക്കാമോ;

(എഫ്) ഏതെല്ലാം ജില്ലകളിലെ പരീക്ഷയേയും അനുബന്ധകാര്യങ്ങളെയുംപറ്റി ഗവൺമെന്റ് അന്വേഷണം നടത്തിയിട്ടുണ്ട്; അന്വേഷണ ഫലമെന്തായിരുന്നു;

(ജി) പ്രസ്തുത അന്വേഷണ ഫലം പി. എസ്. സി. അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

ഉത്തരം

(എ) — (ജി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിൽ അന്വേഷണം

26 [61] *ഡോ. കെ. സി. ജോസഫ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവാലം എൻ. എസ്. എസ്. ഹയർ സെക്കന്ററി സ്കൂളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ ആ സ്കൂളിലെ അദ്ധ്യാപകൻ പീഡിപ്പിച്ചതായി കുട്ടിയുടെ മാതാപിതാക്കൾ പരാതി നൽകിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടിയെ പീഠിപ്പിച്ച അദ്ധ്യാപകനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം ആക്ഷേപം ഉയർന്നിട്ടും അറസ്റ്റ് ചെയ്യാതിരുന്നത് എന്തുകൊണ്ടാണ്;

(ഇ) ഈ പരാതിയിൻമേൽ ക്രൈംബ്രാഞ്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് അന്വേഷണം നടത്തുന്നത്; അന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ല പട്ടികജാതി വികസന ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലാ കളക്ടർ, ഡിവൈ. എസ്. പി. എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തി സത്വര നടപടികൾ സ്വീകരിക്കുന്നതിന് അഭ്യർത്ഥിച്ചു. അടിയന്തിര ചികിൽസാ ധനസഹായമായി ആയിരം രൂപ നൽകി. ഈ വിഷയം 24-9-2004-ൽ കൂടിയ ജില്ലാകളക്ടർ ചെയർമാനായുള്ളതും അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാരുടെ പുനരധിവാസത്തിനായി രൂപീകൃതമായിട്ടുള്ളതുമായ ജില്ലാതലവിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തു. പരാതിയുടെ അടിസ്ഥാനത്തിൽ കൈനടി

LIBRARY ARCHIVES Kerala Legislative Assembly